11537
24/5/17

കേരള സർക്കാർ

നം 5361/സി3/2017/ഐ & പി.ആർ.

ഇൻഫർമേഷൻ &
പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
സെക്രട്ടേറിയേറ്റ് സൗത്ത് ബ്ലോക്ക്
തിരുവനന്തപുരം,തീയതി, 18 /05/2017

## ടെണ്ടർ നോട്ടീസ്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - വകുപ്പ് പ്രസിദ്ധീകരണങ്ങളായ സമകാലിക ജനപഥം, കേരളാ കോളിങ് എന്നിവയുടെ 2017 ജൂലൈ മുതൽ 2018 ജൂൺ വരെ അച്ചടി ജോലി ചെയ്യുന്നതിന് താത്പര്യമുള്ള തിരുവനന്തപുരം നഗരത്തിലെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

### I സമകാലിക ജനപഥം

| | | |
|---|---|---|
| കോപ്പികൾ | : | 15,000 |
| പേജ് | : | 48 + കവർ |
| സൈസ് | : | എ4 (ഡമ്മി 1/4) (26.5 x 19 cm) |
| കളർ | : | മൾട്ടി കളർ |
| പേപ്പർ | : | 1) കവർ - 100 gsm Real Art<br>2) അകം പേജ് 60 gsm (glaced news print – good quality) |
| ബൈൻഡിങ് | : | സെൻട്രൽ സ്റ്റാപ്ലിങ് |

### II കേരളാ കോളിങ്

| | | |
|---|---|---|
| കോപ്പികൾ | : | 15,000 |
| പേജ് | : | 48 + കവർ |
| സൈസ് | : | എ4 (ഡമ്മി 1/4) (26.5 x 19 cm) |
| കളർ | : | മൾട്ടി കളർ |
| പേപ്പർ | : | 1) കവർ - 100 gsm Real Art<br>2) അകം പേജ് 60 gsm (glaced news print – good quality) |
| ബൈൻഡിങ് | : | സെൻട്രൽ സ്റ്റാപ്ലിങ് |

ഓരോ പ്രസിദ്ധീകരണത്തിനും അധികം ഉപയോഗിക്കേണ്ടതായി വരുന്ന ഓരോ ഫോറത്തിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തണം. കൂടുതൽ കോപ്പികൾ ആവശ്യമായി വരുന്ന പക്ഷം 1,000, 5,000, 10,000 കോപ്പികൾക്ക് പ്രത്യേകമായി അധികം വേണ്ടിവരുന്ന തുക രേഖപ്പെടുത്തണം. കോപ്പികളുടെ എണ്ണം കുറയുകയാണെങ്കിൽ ഒരു കോപ്പിയുടെ അച്ചടിക്കൂലി കണക്കാക്കി നിരക്കിൽ കുറവു വരുത്തുന്നതാണ്.

### പൊതു നിബന്ധനകൾ

1. തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

2. മൂന്നു കോടി രൂപയുടെ ടേൺ ഓവർ ഉള്ള സ്ഥാപനമായിരിക്കണം. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിന് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി

പരിചയമെങ്കിലും ഉണ്ടായിരിക്കണം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

3. സി.ഡി. അച്ചടിക്കായി നൽകി കഴിഞ്ഞാൽ പരമാവധി അഞ്ചു ദിവസത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്നതനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.

4. വിലാസ പട്ടിക അച്ചടിച്ച് കവറിലാക്കി പോസ്റ്റ് ഓഫീസ് അടിസ്ഥാനത്തിൽ വേർതിരിച്ച് മാസികകൾ ആർ എം. എസിൽ എത്തിക്കേണ്ട ചുമതല അച്ചടി സ്ഥാപനത്തിനായിരിക്കും. അച്ചടികൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും വകുപ്പിൽ നിന്നും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റൊരു ഫീസോ നിരക്കോ ക്വാട്ട് ചെയ്യാൻ പാടുള്ളതല്ല.

5. ഓരോ ലക്കം മാസികയ്ക്കുമൊപ്പം തപാലിൽ അയയ്ക്കുന്നതിനുള്ള പേപ്പർ കവർ കൂടി സൗജന്യമായി അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്. ഇത് തപാൽ വകുപ്പ് അനുശാസിക്കുന്ന തരത്തിൽ മാസികയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കവർ പൊട്ടിച്ചു നോക്കാതെ തന്നെ കാണത്തക്കവിധത്തിൽ ഡിസൈൻ ചെയ്തതായിരിക്കണം.

6. ഓരോ മാസവും ആവശ്യമുള്ള കോപ്പികളുടെ എണ്ണം സംബന്ധിച്ച് നൽകുന്ന വർക്ക് ഓർഡർ പ്രകാരം കോപ്പികൾ അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്.

7. വകുപ്പ് മുമ്പ് അച്ചടി കരാർ നൽകിയ ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

8. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക. ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്ര സംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

8. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും..

9. ഓരോന്നിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 26/05/2017 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 17/06/2017 5 pm |
| ടെണ്ടർ തുറക്കുന്ന തീയതി | : | 20/06/2017 |
| ഇ.എം.ഡി | : | 50000/- |

ഡോ. കെ. അമ്പാടി
ഡയറക്ടർ